**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.3045

15.12.2015-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) മൂന്നാറിൽ കണ്ണൻദേവൻ കമ്പനിക്ക് (KDHP Ltd) എത്ര ഹെക്ടർ സ്ഥലമാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; | (എ) 57359.14 ഏക്കർ പാട്ട ഭൂമി ഉള്ളതായി കാണുന്നു. |
| (ബി) പാട്ട വ്യവസ്ഥ ലംഘിച്ചുകൊണ്ട് കമ്പനി ഭൂമി കൈമാറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് കൈമാറ്റം ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ;<br>(ഡി) ചട്ടങ്ങൾക്കു വിരുദ്ധമായി കൈമാറ്റം നടത്തുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ള ഭൂമി തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) യും (ഡി) യും:<br>1971 ന് മുമ്പ് പാട്ട വ്യവസ്ഥ ലംഘിച്ച് KDHP കമ്പനി കൈമാറ്റം നടത്തിയ ഭൂമി 1971 ലെ KDH നിയമ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. 1971 ന് മുമ്പായി കണ്ണൻദേവൻ കമ്പനി മത സംഘടനകൾ, വ്യക്തികൾ, എസ്റ്റേറ്റുകൾ, സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്ക് തീറായും ഗിഫ്റ്റായും ലീസായും 7171.31.400 ഏക്കർ ഭൂമിയും 1976 ന് ശേഷം ടാറ്റാ ടീ കമ്പനി 24.295 ഏക്കർ ഭൂമിയും കൈമാറ്റം നടത്തിയിട്ടുണ്ട്. ടാറ്റാ ടീ കമ്പനിയുടെ കൈവശത്തിലിരിക്കുന്ന ഭൂമിയുടെ രേഖകൾ വ്യാജമാണെന്നും, ആയതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കേണ്ടതാണെന്നുമുള്ള നിലപാടാണ് സർക്കാർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ എടുത്തിട്ടുള്ളത്. |

Shreja

സെക്ഷൻ ഓഫീസർ